**പതിനാലാം കേരള നിയമസഭ**

**പതിനാൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1157** **05-03-2020 ൽ മറുപടിക്ക്**

**ഭൂമികൈയ്യേറ്റം ഒഴിപ്പിക്കാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ വ്യക്തികളുടെ അനധികൃത ഭൂമികൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) സർക്കാർ ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും, 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും, 2009-ലെ കേരള ഭൂ സംരക്ഷണ ഭേദഗതി നിയമ പ്രകാരമുള്ള ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു. പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 10.09.2018 ലെ സ.ഉ (സാധാ) 3778/18/റവ നമ്പർ ഉത്തരവിൻ പ്രകാരം ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും ഉൾപ്പെടുത്തി കമ്മീഷണറേറ്റ് തലത്തിലും കൂടാതെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ടീം സ്ഥലപരിശോധന ഉൾപ്പെടെ നടത്തി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. പൊതു അവധി ദിവസങ്ങളിൽ ഉൾപ്പെടെ ടി സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ച് കൈയ്യേറ്റം തടയുവാനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) വ്യാജരേഖകളും മറ്റും ചമച്ച് സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കൈയ്യടക്കിവച്ചിട്ടുള്ള ഭൂമി പിടിച്ചെടുത്ത് ലൈഫ് ഭവന പദ്ധതിക്കും സർക്കാരിന്റെ പൊതുവികസന പ്രവർത്തനങ്ങൾക്കുമായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ഇത്തരത്തിൽ പിടിച്ചെടുക്കുന്ന ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുകയും ആവശ്യാനുസരണം വികസന പ്രവർത്തനങ്ങൾക്കുമാണ് വിനിയോഗിച്ചുവരുന്നത്. |

**സെക്ഷൻ ഓഫീസർ**